(ബി) ഉണ്ട്.

(സി) നിർദ്ദേശം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

ജനസംഖ്യാനുപാതികമായി പോലീസ് സേനാംഗങ്ങളുടെ എണ്ണം

16 [5842] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനസംഖ്യാനുപാതികമായി പോലീസ് സേനാംഗങ്ങളുടെ എണ്ണം എത്രയാണ്;

(ബി) നഗരസഭാ പ്രദേശത്തേയും ഗ്രാമ പ്രദേശത്തേയും ജനസംഖ്യാനുപാതികമായ പോലീസ് സേനാംഗങ്ങളുടെ എണ്ണം എത്രയാണ്;

(സി) നിലവിലുള്ള അനുപാതം വർദ്ധിപ്പിക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1000 പേർക്ക് 1.4 പോലീസുകാർ.

(ബി) എണ്ണം പ്രത്യേകമായി ലഭ്യമല്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

പോലീസ് സേനാംഗങ്ങളുടെ പ്രൊമോഷൻ

17 [5843] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനാംഗങ്ങളുടെ പ്രൊമോഷൻ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രൊമോഷന് അർഹരായ മുഴുവൻ പേരെയും ബന്ധപ്പെട്ട തസ്തികകളിലേക്ക് മാറ്റി നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് അറിയിക്കുമോ;

(സി) ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി ഏറ്റവും ഒടുവിൽ യോഗം ചേർന്നത് എന്നാണ്;

(ഡി) പ്രസ്തുത കമ്മിറ്റി നിശ്ചിത കാലയളവിനുള്ളിൽ യോഗം ചേർന്നിരിക്കണം എന്ന് പ്രത്യേക നിബന്ധന ഉണ്ടോ;

(ഇ) ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(എഫ്) റിട്ടയർമെന്റ് വേക്കൻസിയുടെ അടിസ്ഥാനത്തിലാണോ ഡി. പി. സി. കൂടുന്നത്;

LIBRARY ARCHIVES Kerala Legislative Assembly